പേ കമ്മിഷൻ.

* 297. [69] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംസുസംയോജനത്തെ തുടർന്ന് നിയമിതമായ പേ കമ്മിഷൻ ഇതിനകം എന്തെല്ലാം ജോലികൾ ചെയ്തിട്ടുണ്ട് ;

(ബി) എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മിഷനോടാവശ്യപ്പെട്ടിട്ടുള്ളത് ;

(സി) കാലാവധി ദീർഘിപ്പിക്കണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു.

(ബി) മൂന്നു മാസത്തിനകം.

(സി) കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് കാലാവധി രണ്ടു മാസംകൂടി ദീർഘിപ്പിച്ചു.

കർഷകത്തൊഴിലാളികളുടെ അടിസ്ഥാനക്കുലി.

* 298. [71] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികൾക്ക് അടിസ്ഥാനക്കുലി നിശ്ചയിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) അതിനുവേണ്ടി നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് എന്നു പുറത്തുവരും ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കർഷകത്തൊഴിലാളികൾക്ക് അടിസ്ഥാനക്കുലി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) അതിനുവേണ്ടി നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് മിക്കവാറും ഈ വർഷാവസാനത്തിനു മുമ്പുതന്നെ പൂർത്തിയാകുമെന്നു വിശ്വസിക്കുന്നു.

ഡിപ്പാർട്ടുമെൻറൽ എൻക്വയറി സെക്ഷൻ.

* 299. [72] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടറിയേറ്റിൽ പുതിയതായി രൂപീകരിച്ചിട്ടുള്ള ഡിപ്പാർട്ടുമെൻറൽ എൻക്വയറി സെക്ഷനിലേയ്ക്ക് പൊതുജനങ്ങൾക്കു മാത്രമേ പരാതി ബോധിപ്പിക്കുവാൻ അവകാശമുള്ളോ ;

(ബി) ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ശ്രദ്ധയിൽപ്പെടുന്ന അഴിമതിയെ പറ്റിയും ക്രമക്കേടുകളുടെ താമസത്തെപ്പറ്റിയും നേരിട്ട് എൻക്വയറി സെക്ഷൻ സെക്രട്ടറിക്ക് പരാതി ബോധിപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവാദം നൽകേണ്ടതു് അത്യാവശ്യമാണെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അല്ല.

(ബി) അവർക്കു പരാതി ബോധിപ്പിക്കാം.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

മുനിസിപ്പൽ അതിർത്തികൾ.

* 300. [73] ശ്രീമതി. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റി സ്ഥാപിച്ചുകഴിഞ്ഞതിനശേഷവും, മുനിസിപ്പൽഅതിർത്തികളിലെ പുറമ്പോക്കുകൾ മുനിസിപ്പാലിറ്റികൾക്കു വിട്ടുകൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു് ;

(സി) ചേർത്തല മുനിസിപ്പാലിറ്റി പുറമ്പോക്കുകൾക്കു് ആവശ്യപ്പെട്ടതിൻമേൽ എന്തു തീരുമാനമെടുത്തു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടിട്ടുള്ളവയിൽ കൊടുക്കാവുന്ന പുറമ്പോക്കുസ്ഥലങ്ങൾ വിട്ടുകൊടുത്തിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചേർത്തല മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടവയിൽ കൊച്ചേരിമൈതാനം, ശവക്കോട്ടയ്ക്കു് ആവശ്യപ്പെട്ട തണ്ണീർമുക്കം വടക്കു് പകുതിയിൽ 13/1 സർവ്വെനമ്പരിലുള്ള സ്ഥലം, കനാൽ പുറംപോക്കുകൾ, ഇവ മുനിസിപ്പാലിറ്റിക്കു കൊടുക്കുവാൻ നിവൃത്തിയില്ലെന്നു് തീരുമാനിച്ചു. എന്നാൽ പാർക്കുണ്ടാക്കുന്നതിനു് പോസ്റ്റാഫീസുമൈതാനവും മുനിസിപ്പൽ കെട്ടിടവും ഉണ്ടാക്കുന്നതിനു് ചേർത്തല വടക്കു് പകുതിയിലുള്ള 262/21 സർവ്വെനമ്പരിൽ ഉൾപ്പെട്ട സ്ഥലവും മുനിസിപ്പാലിറ്റിക്കു കൊടുക്കുന്നതിൻറെ സാദ്ധ്യതകളെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

പ്രൈമറിയും മിഡിലും സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ കുറഞ്ഞ പരീക്ഷായോഗ്യത (ജനറലും സ്പെഷ്യലും).

* 301. [74] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറിയും മിഡിലും സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനത്തിനു് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരീക്ഷായോഗ്യത (ജനറലും സ്പെഷ്യലും) എന്തു് ;

(ബി) പ്രസ്തുത അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതു് പബ്ലിക്ക് സർവ്വീസ്കമ്മിഷൻമുഖേനയാണോ അതോ ഇൻറർവ്യൂ നടത്തിയാണോ ;

LIBRARY ARCHIVES Kerala Legislative Assembly